## ഒഴിവാക്കലും ഒഴിഞ്ഞുമാറലും
## കോട്ടൺഹിൽ സംഭവം ഉയർത്തുന്ന ചില തുടർചിന്തകൾ

"In the name of Globalization Meritocracy, Productivity and the Hidden Language of Caste" എന്ന സുരേന്ദർ. എസ്. ജോദ്കയുടെ (2010) ലേഖനത്തിൽ ഒരു കോർപ്പറേറ്റ് മാനേജർ തന്റെ സ്ഥാപനത്തിലെ ഒരു ദലിത് ജീവനക്കാരനെക്കുറിച്ച് പറയുന്നതിങ്ങനെ:

"സംവരണാനുകൂല്യമില്ലാത്ത വിദ്യാർത്ഥികളുമായി താരതമ്യം ചെയ്യുമ്പോൾ ഇവർ കഴിവിലും കാര്യക്ഷമതയിലും വളരെ പിന്നിലാണ്. എസ്. സി വിഭാഗത്തിൽപ്പെട്ട ഒരു എഞ്ചിനിയറെ ഞാൻ ജോലിക്കു നിയമിച്ചിരുന്നു. കൂടുതൽ വേതനം നൽകാൻ കഴിയാത്തതുകൊണ്ടാണ് അത്തരത്തിലുള്ള ഒരാളെ എടുക്കേണ്ടിവന്നത്............... അയാൾ എന്നെ വല്ലാതെ നിരാശപ്പെടുത്തി. അച്ചടക്കമില്ല, കാര്യക്ഷമതയില്ല, ആത്മവിശ്വാസമില്ല; അടിസ്ഥാനപരമായ കാര്യങ്ങൾപോലും മനസ്സിലാക്കാൻ കഴിവില്ലാത്തവൻ.................... ഇത്തരം പശ്ചാത്തലത്തിൽനിന്നും വരുന്ന അഞ്ചാറുപേരുടെ അനുഭവം എനിക്കുണ്ട്. അവരെല്ലാം എസ്.സി വിഭാഗത്തിൽപ്പെടുന്നവരായിരുന്നു. IIT യിൽനിന്നും വരുന്നുവെന്നുമാത്രം, അവരുടെ സഹപാഠികളുമായി താരതമ്യപ്പെടുത്താനേ കഴിയില്ല....."

കോട്ടൺ ഹിൽ സംഭവത്തെക്കുറിച്ചു കേട്ടപ്പോൾ ആദ്യം മനസ്സിൽ വന്നത് സുരേന്ദ്ര ജോദ്കയുടെ (2010) ഈ പഠനമാണ്. ഇന്ത്യയിലെ കോർപ്പറേറ്റ് സ്ഥാപനങ്ങളിലെ യോഗ്യതയുടെയും കാര്യക്ഷമതയുടെയും മറവിൽ നിലനിൽക്കുന്ന ജാതീയമായ ഒഴിവാക്കലിനെ (exclusion) സംബന്ധിക്കുന്ന ശ്രദ്ധേയമായ ഈ പഠനം നൽകുന്ന നിരവധി ആനുഭവിക തെളിവുകളിൽ (empirical evidences) ഒന്നുമാത്രമാണ് മുകളിൽ ഉദ്ധരിച്ചത്. കോട്ടൺ ഹിൽ സ്കൂളിൽ ശ്രീമതി. ഊർമ്മിളാ ദേവി ടീച്ചറിനു സംഭവിച്ചതും മറ്റൊന്നല്ല. ഇന്ത്യയിലെ സ്ഥാപനങ്ങളിലെ ഉയർന്നപദവികളിൽ നിന്നും സൗകര്യപൂർവം ദളിതരെ ഒഴിവാക്കുന്നതിന്റെ (Institutional exclusion) ഏറ്റവും അവസാനത്തെ ഉദാഹരണമാണ് കോട്ടൺ ഹിൽ സംഭവം.

ഈ സംഭവത്തിൽ ഒളിഞ്ഞും തെളിഞ്ഞും പ്രത്യക്ഷപ്പെടുന്ന ജാതിയെ വിശകലനം ചെയ്യാൻ സംഭവങ്ങൾ ഒന്നുകൂടി റീ – വൈൻഡ് ചെയ്തു പരിശോധിക്കേണ്ടതുണ്ട്.

ഇക്കഴിഞ്ഞ ജൂൺ 16 ന് 'ഡിസ്ട്രിക്റ്റ് സെന്റർ ഓഫ് ഇംഗ്ലീഷിന്റെ' ആഭിമുഖ്യത്തിൽ നടന്ന ജില്ലാതല ഇംഗ്ലീഷ് ക്ലബ്ബുകളുടെ ഉൽഘാടന വേദി തിരുവനന്തപുരത്തെ കോട്ടൺ ഹിൽ സ്കൂൾ ആയിരുന്നു; ഉൽഘാടകൻ ബഹു. വിദ്യാഭ്യാസ മന്ത്രി പി. കെ. അബ്ദു റബ്ബും. പതിവ് അസംബ്ലിക്കുശേഷം 8, 9, 10 ക്ലാസുകളിലെ വിദ്യാർഥികൾ സ്കൂൾ ഓഡിറ്റോറിയത്തിൽ മന്ത്രിയുടെ വരവും നോക്കി മൂന്നു മണിക്കൂറോളം കാത്തിരിക്കെ, 12.30 ന് മന്ത്രി എത്തിയപ്പോൾ ഗേറ്റ് അടഞ്ഞുകിടന്നു. മന്ത്രിയുടെ ഗൺമാനാണ് ഗേറ്റ് തുറന്നത്. വൈകിയെത്തിയതിനു മന്ത്രി ക്ഷമാപണം നടത്തുകയും യഥാവിധി ഉൽഘാടനം നിർവഹിക്കുകയും ചെയ്തു.

തുടർന്ന് ചടങ്ങു നടന്ന സ്കൂളിലെ പ്രധാന അധ്യാപിക എന്ന നിലയിൽ നടത്തിയ ആശംസാ പ്രസംഗത്തിൽ ശ്രീമതി. ഊർമ്മിളാ ദേവി ടീച്ചർ അധ്യയനത്തെ ബാധിക്കുന്ന ഇത്തരം പൊതു പരിപാടികളുടെ നിയന്ത്രണത്തിന്റെ ആവശ്യകത, നിലവിലുള്ള ഉത്തരവുകളുടെ ബലത്തിൽ തന്നെ മാന്യമായ ഭാഷയിൽ സംഘാടകരെ ഓർമ്മിപ്പിച്ചു. അതവിടെക്കഴിഞ്ഞു. അഥവാ അതവിടെ കഴിയേണ്ടതായിരുന്നു.

എന്നാൽ ദിവസങ്ങൾക്കു ശേഷം ഡി.പി.ഐ യിൽ നിന്നും അധ്യാപികയ്ക്കെതിരെ അന്വേഷണം നടത്താൻ പ്രത്യേക സംഘമെത്തി. മന്ത്രിയെ പൊതുവേദിയിൽ അപമാനിച്ചുവെന്നും ഗേറ്റ് അടച്ചിട്ടെന്നും, മന്ത്രിയെ യഥോചിതം സ്വീകരിച്ചില്ലെന്നുമായിരുന്നു അന്വേഷണഫലം. അതോടൊപ്പം സ്കൂളിൽ തിരിമറി നടത്തിയെന്ന ഒരു പരാതിയിൽ 15 ദിവസത്തിനകം മറുപടി ആവശ്യപ്പെട്ടുകൊണ്ട് ടീച്ചർക്ക് കാരണം കാണിക്കൽ നോട്ടീസും നൽകി. അഡീഷണൽ ഡെപ്യൂട്ടി ഡയറക്ടറുടെ അന്വേഷണ റിപ്പോർട്ടിൽ

അധ്യാപികയെ സസ്പെന്റു ചെയ്യാനും ശുപാർശ ചെയ്തിരുന്നു. എന്നാൽ സർക്കാർ അതൊന്നു മയപ്പെടുത്തി ! പക്ഷേ, 15 ദിവസംവരെ കാക്കാതെ, കാരണം കാണിക്കൽ നോട്ടീസ് നൽകി നാലാം ദിവസം അച്ചടക്കലംഘനം ആരോപിച്ച് ടീച്ചറെ സ്ഥലം മാറ്റി. (വെറുമൊരു 'ഭരണനടപടി' എന്നു മുഖ്യമന്ത്രി അനവധി തവണ ആണയിട്ടെങ്കിലും കൊമ്പനാനയെ മൂടാൻ പറ്റിയ കുട്ട സർക്കാരിന്റെ കൈയിലും കാണില്ലെന്നു ജനത്തിനറിയാം.) ഉടൻ തന്നെ പുതിയ പ്രധാനാധ്യാപിക കോട്ടൺ ഹിൽ സ്കൂളിന്റെ ചുമതലയേൽക്കുകയും ചെയ്തു. അവിടെയാണ് കഥയുടെ ഗുട്ടൻസ്.

മുന്തിയ സ്വകാര്യ സ്കൂളിൽ പഠിക്കാൻ പാങ്ങില്ലാത്ത കുട്ടികളുടെ വിദ്യാലയങ്ങളാണ് സർക്കാർ പള്ളിക്കൂടങ്ങൾ. അവരുടെ പഠിപ്പുമുടക്കിയുള്ള ഏതുതരം പരിപാടിയും സ്കൂളിന്റെ സുഗമമായ പ്രവർത്തനത്തിന് ഗുണം ചെയ്യില്ലെന്ന ടീച്ചറിന്റെ മാന്യമായ വിമർശനത്തെ അംഗീകരിക്കാനുള്ള ധീരത കാട്ടേണ്ടതിനു പകരം സംഭവം നടന്നു ദിവസങ്ങൾക്കുശേഷം അന്വേഷണം നടത്താൻ തീരുമാനിച്ചതും, അന്വേഷണം ഉടനടി നടത്തി റിപ്പോർട്ടു സമർപ്പിച്ചതും, മെമ്മോയിൽ അനുവദിച്ച കാലപരിധി അവസാനിക്കും മുൻപേ ഒരു ഓണംകേറാമൂലയിലേക്കു ട്രാൻസ്ഫർ ചെയ്തതും ടീച്ചർക്കെതിരെ മുന്നേനടന്നുവന്നിരുന്നു ഒരു ദലിത് വിരുദ്ധ ഗൂഢാലോചന എന്നു വ്യക്തമാക്കുന്നു. അതോടൊപ്പം ADPI യുടെ റിപ്പോർട്ടും മന്ത്രിയുടെ പരാമർശങ്ങളും കേരളത്തിലെ ഉദ്യോഗസ്ഥ വൃന്ദത്തിലെയും ഭരണകേന്ദ്രങ്ങളിലേയും പാരമ്പര്യവാദികളുടെ ദലിത് വിരുദ്ധതയും മറനീക്കുന്നു.

ആദ്യമായാണ് ഒരു ദലിത് സ്ത്രീ കോട്ടൺ ഹിൽ സ്കൂളിന്റെ, ഏഷ്യയിലെ തന്നെ ഏറ്റവും വലിയ പെൺപള്ളിക്കൂടത്തിന്റെ, പ്രധാനാധ്യാപികയാകുന്നത്. ദീർഘകാലത്തെ അധ്യാപനത്തിന്റെ അനുഭവ സമ്പത്തിലൂടെ സ്കൂളിലെ അക്കാദമിക് നിലവാരം അവർ പടിപടിയായി ഉയർത്തിക്കൊണ്ടു വരുകയായിരുന്നു. എന്നാൽ ഈ കാര്യങ്ങളൊന്നും വസ്തുനിഷ്ഠമായി മനസ്സിലാക്കാതെ, നിരുത്തരവാദപരമായി ബഹു. വിദ്യാഭ്യാസ മന്ത്രി പറഞ്ഞത്, "സ്കൂളിന്റെ അച്ചടക്കം കാത്തു സൂക്ഷിക്കുന്നതിൽ ടീച്ചർ ഗുരുതരമായ വീഴ്ച വരുത്തി " യെന്നത്രെ. ആമുഖത്തിൽ നാം കണ്ടപോലെ പ്രമുഖ സ്ഥാപനങ്ങളിലെ താക്കോൽ സ്ഥാനങ്ങളിൽ നിന്നും ദലിതരെ ഒഴിവാക്കുകയെന്ന സവർണ മനോഭാവത്തിന്റെ ഏറ്റവും ഒടുവിലത്തെ ഇരയാവുകയാണ് ഊർമ്മിള ടീച്ചർ.

ഉന്നത വിദ്യാഭ്യാസം നേടിയ ദലിതരുടെ ഏക ആശ്രയം എണ്ണത്തിൽ ചുരുങ്ങിയ സർക്കാർ സർവീസായിരിക്കെ – എയിഡഡ്, സർക്കാരിതര സ്ഥാപനങ്ങളിൽ ജാതി, മതം, സമുദായം, പണം എന്നിവയുടെ അടിസ്ഥാനത്തിലുള്ള തിരഞ്ഞെടുപ്പിൽ ദലിതർ പിൻതള്ളപ്പെടുന്ന സാഹചര്യത്തിൽ – അവിടെത്തന്നെ ദലിതർ ഇത്തരം ഒഴിവാക്കലുകൾക്ക് വിധേയമാവുന്നതു എന്തു വിലകൊടുത്തും തടയേണ്ടതുണ്ട്. പക്ഷേ, എങ്ങനെ ?

അയിത്തം അവസാനിച്ചു എന്നു തത്വത്തിൽ പറയാമെങ്കിലും തൊഴിൽദായകരുടെ ഉള്ളിലും വിദ്യാഭ്യാസ സേവനങ്ങളിലും ആരോഗ്യനിലവാര സൂചികകളിലും രാഷ്ട്രീയത്തിലുമെല്ലാം ജാതി പ്രധാന ഘടകമാണ്. സംവരണമാണ് ഇതിനെ മറികടക്കാനുള്ള ഏക ആയുധം. സർക്കാർ സർവീസിലും സ്കൂൾ, കോളേജ് പഠനത്തിനും ദളിതർക്ക് സംവരണാനുകൂല്യമുണ്ട്. പക്ഷേ, ഇതുതന്നെയും പൂർണാർഥത്തിൽ അവർക്കു ലഭിക്കുന്നില്ല.

1) കേരളത്തിൽ ഏതെങ്കിലും പട്ടികജാതിക്കാരന് സ്വന്തമായി ഒരു പലചരക്ക് കടയുണ്ടോ?
2) അവർക്ക് സ്വന്തമായി ഒരു സ്കൂളുണ്ടോ? ഒരു കോളേജുണ്ടോ?
3) അവർക്ക് സ്വന്തമായി ഒരു ഹോട്ടലുണ്ടോ?
4) അവർക്കു സ്വന്തമായി ഒരു കള്ളുഷാപ്പെങ്കിലുമുണ്ടോ?
5) കഴിഞ്ഞ 56 വർഷക്കാലംകൊണ്ട് കേരളത്തിലെ എയ്ഡഡ് സ്കൂൾ / കോളേജുകളിൽ നിയമിച്ച 4.5 ലക്ഷം അദ്ധ്യാപകരിൽ ഒറ്റയൊരു പട്ടികജാതിക്കാരനുണ്ടോ?
6) സർക്കാർ ഖജനാവിൽ നിന്ന് ശമ്പളംകൊടുക്കുമ്പോൾ പട്ടികജാതിക്കാർക്ക് കിട്ടേണ്ട 45,000 അധ്യാപക ഒഴിവുകൾ എവിടെ?

7) പിന്നോക്ക സമുദായങ്ങൾക്ക് നഷ്ടപ്പെട്ട 2.5 ലക്ഷം അധ്യാപക ഒഴിവുകൾ എവിടെ ?

എന്തുകൊണ്ടാണ് ഈ ചോദ്യങ്ങൾ വ്യാപകമായി ചർച്ചചെയ്യപ്പെടാത്തത്? അധികാര കേന്ദ്രങ്ങൾ ഈ ചോദ്യങ്ങൾ കണ്ടില്ലെന്നും കേട്ടില്ലെന്നും ഭാവിക്കുന്നതെന്തുകൊണ്ട്? ഇതിന്റെ ഗുണഭോക്താക്കളാകേണ്ടവർ ഇതു കേട്ടിട്ടും ഉണരാത്തതെന്തുകൊണ്ട്? ഇത്തരമൊരായിരം ചോദ്യങ്ങളുന്നയിക്കുന്ന ജി. സുധാകരൻ. നന്ദി.

പറയുമ്പോഴെല്ലാം പറയണമല്ലോ. (ചിലതെല്ലാം മൂടിവെയ്ക്കുന്നതാണു നാട്ടുനടപ്പെന്നതു വസ്തുത) ഊർമ്മിള ടീച്ചറുടെ സ്ഥലമാറ്റ വിവാദത്തിന്റെ പെരുമഴക്കാലമൊടുങ്ങി. ഇനി മരം പെയ്യലാണ്. മരം പെയ്യുന്ന വെള്ളം തീർച്ചയായും ഭൂമിയിലേക്ക് കിനിഞ്ഞിറങ്ങും, ഒഴുകിപാഴായിപ്പോകില്ല.

താൻ തെറ്റൊന്നും ചെയ്തിട്ടില്ലെന്ന് ഊർമ്മിള ടീച്ചർ മാത്രമല്ല, ടീച്ചർ ചെയ്തത് ശരിയാണെന്നും ആ ശരി വാഴ്ത്തപ്പെടേണ്ടതാണെന്നും സകലമാന മാധ്യമങ്ങളും, ബുദ്ധിജീവികളും, ജനാധിപത്യ വാദികളും, പ്രതിപക്ഷവും (അവർക്ക് രാഷ്ട്രീയ ലക്ഷ്യങ്ങൾ ഉണ്ടെന്നു വാദിക്കാമെങ്കിലും) ഭരണകക്ഷിയിലെ എം.എൽ.എ ബൽറാമിനെപ്പോലെ വകതിരിവുള്ള ചെറുപ്പക്കാരും ഒരുപോലെ സമ്മതിക്കുന്നു. അബ്ദു റബ്ബിന്റെ നടപടി 'അൽപ്പത്തരമെന്നും' 'വർഗീയത'യുടെ മണവും, അധികാര ഗർവിന്റെ ക്രൗര്യവും പുരുഷമേധാവിത്വത്തിന്റെ ദുർഗന്ധവും പേറുന്നതെന്ന് വിമർശിക്കുന്നു.

ഇവിടെ ഒരുകാര്യം കൂടി പറയണം. ഇന്ത്യയിലെ മുസ്ലിം സംഘടനകളെല്ലാം ദലിതരുടെ ഉറ്റ ബന്ധുക്കളാണു തങ്ങളെന്നു പ്രഖ്യാപിക്കുന്നവരാണ്. (ശത്രുവിന്റെ ശത്രു മിത്രം എന്ന തന്ത്രം മാത്രമാണിത്.) അവരാരും അബ്ദു റബ്ബിനെ വിലക്കാനോ, തിരുത്താനോ, ശാസിക്കാനോ മുന്നോട്ടുവന്നില്ല. അവരിലൊരാളും ഊർമ്മിള ടീച്ചറെ ആശ്വസിപ്പിക്കാനും പിന്തുണയ്ക്കാനും വന്നുകണ്ടില്ല. 'നിർണായക സന്ദർഭങ്ങളിൽ മുസ്ലിം ലീഗുകാർ എവിടെനിൽക്കും' എന്ന് അംബേദ്കർ ജിന്നയോടു നേരിട്ടുതന്നെ ചോദിച്ചിട്ടുണ്ട്. ഉത്തരം സ്വജനത്തിന്റെകൂടെ എന്നാണ്.

അത് ഇവിടെയും ശരിയായി. ഇക്കൂട്ടരെ നമ്പിനിൽക്കുന്ന, ഇത്തരം സംഘടനകളോടു ചങ്ങാത്തം കൂടുന്ന ദലിതർ ആത്മപരിശോധന നടത്തുന്നതു നല്ലതാണ്.

ഇത്തരം സന്ദർഭങ്ങളിൽ ആചാര്യതുല്യരായ രാഷ്ട്രീയ നേതാക്കളും വിവേകശാലികളായ ഭരണാധികാരികളും എങ്ങനെ പ്രതികരിച്ചു എന്നറിയാൻ കഴിയാത്ത ഉപജാപകർ വിരിച്ച വലയിൽ വീണ മൂഢനായ ഒരു വിദ്യാഭ്യാസ മന്ത്രി എന്ന ദുഷ്കീർത്തി അബ്ദു റബ്ബ് നേടി. അദ്ദേഹത്തെ പിൻ തുണച്ചതിലൂടെ സ്വഭാവമഹിമ (Character) യ്ക്ക് രാഷ്ട്രീയത്തിലിടമില്ലെന്നു പലവട്ടം തെളിയിച്ചിട്ടുള്ള മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി ഒരുവട്ടംകൂടി തന്റെ ശീലം അതാണെന്നു സ്ഥാപിച്ചു. (ബുദ്ധി, അനുഭവം, സ്വഭാവഗുണം എന്നിവയിൽ താനേറ്റവും മാനിക്കുന്നത് സ്വഭാവഗുണമാണെന്ന് ഡോ. അംബേദ്കർ പറയുമായിരുന്നു.)

ഇതൊന്നുമല്ല യഥാർഥത്തിൽ ഞങ്ങളെ ഞെട്ടിച്ചത്, സങ്കടപ്പെടുത്തുന്നത് ഇക്കാര്യത്തിൽ കേരളത്തിലെ ദളിതർ പ്രകടിപ്പിച്ച തികച്ചും നിരുത്തരവാദപരമായ മൗനമാണ്. അറപ്പുളവാക്കുന്ന സ്വാർഥതയാണ്. ഒരു ജനത എന്ന് അവകാശപ്പെടാൻ തെല്ലും അർഹതയില്ലാത്തവണ്ണം അനുദിനം ശിഥിലവും സങ്കുചിതവും ഗോത്രവർഗകാലത്തോളം അന്തർമുഖവും വിഭാഗീയവും ആണ് കേരളത്തിലെ ദളിത് ജാതി പ്രസ്ഥാനങ്ങൾ. 'ജാതിനിർമൂലന'ത്തിന്റെ തത്വശാസ്ത്രം അവതരിപ്പിച്ച ഡോ. അംബേദ്കറുടെയും ഇല്ലിക്കൂട്ടംപോലെ പരസ്പരം കൈകോർത്ത് ഇടതൂർന്നു വളരാൻ ആഹ്വാനം നൽകിയ അയ്യൻ കാളിയുടെയും നേരവകാശികൾ എന്ന് ഊറ്റംകൊള്ളുന്ന കേരളത്തിലെ ദളിതർ, മറ്റേതൊരു യാഥാസ്ഥിതിക സവർണരേയും പോലെ സങ്കുചിത ജാതിവാദികളാണ്, ജനാധിപത്യവാദികളല്ല.

കേരളത്തിൽ രണ്ടോ മൂന്നോ ജാതികളേ ദളിതർ എന്ന് വിളിക്കപ്പെടാനും സംവരണാനുകൂല്യങ്ങൾ അനുഭവിക്കാനും അർഹരായുള്ളൂ. ഊർമ്മിള ടീച്ചർ അതിലൊന്നും പെടില്ല. അതുകൊണ്ട് അവർക്കുവേണ്ടി ശബ്ദമുയർത്താൻ ഞാനില്ല. അവർ ചെയ്തത് തെറ്റുതന്നെയാണ്, ഖദറിട്ട ഒരു ദളിത് നേതാവിന്റെ സ്വകാര്യ സംഭാഷണമാണ്. അദ്ദേഹം മറ്റൊരുകാര്യം കൂടി വെളിപ്പെടുത്തി: 'രാഷ്ട്രപതിയായിരുന്ന കെ. ആർ. നാരായണനും ദളിതനല്ല'. എങ്ങനുണ്ട് ?

മറ്റൊരു ദളിത് നേതാവ്, 'ഗസറ്റഡ് ഓഫീസർമാരായ പട്ടിക ജാതിക്കാർക്കു വേണ്ടി നമ്മളെന്തിനു സമരം ചെയ്യണം ? മാർക്സിസ്റ്റുകാരുടെ ഗൂഢാലോചനയ്ക്ക് ഒരു കരുവായ ഉദ്യോഗസ്ഥയാണ് ഊർമ്മിള ടീച്ചർ. ദളിത് പൊതുപ്രവർത്തകർക്ക് ഒരഭിമാനമുണ്ട്. അതു കളഞ്ഞുകുളിക്കരുതാരും. ഇവരൊക്കെ അഹങ്കാരികളാണ്. ആവശ്യം വരുമ്പോൾ നമ്മളെ തേടിവരും'. ഇങ്ങനെ പോകുന്നു അദ്ദേഹത്തിന്റെ വിമർശനം.

മറ്റൊന്നു കുറേക്കൂടി ഗൗരവമുള്ളതാണ്. തലസ്ഥാനത്തെ സാമാന്യം പഴക്കമുള്ള ഒരു ദളിത് സാംസ്കാരിക സംഘത്തിന്റെ ഉന്നതതല യോഗത്തിൽ അതിലൊരംഗമായ പ്രസിദ്ധനായ ഒരു എഴുത്തുകാരനും കവിയും കോട്ടൺഹിൽ സംഭവത്തിൽ പ്രതിഷേധിക്കുന്ന ഒരു പ്രമേയം അവതരിപ്പിച്ചു. പ്രമേയത്തെ നഖശിഖാന്തം വിമർശിച്ച് പ്രബുദ്ധരായ 'ദളിത് ക്രീമീലയർ' പ്രമേയം തള്ളിക്കളഞ്ഞു. അവർക്കും പറയാനുള്ളത് ടീച്ചർ ദളിത് അല്ലെന്ന വസ്തുത തന്നെ!

ദളിത് സമുദായവൽക്കരണം സാധ്യമാകാത്തതെന്തുകൊണ്ടെന്ന അന്വേഷണം നമ്മുടെ ദളിത് ബുദ്ധിജീവികൾ ഉയർത്താൻ തുടങ്ങിയിട്ട് കുറച്ചു കാലമായി. വൈകുണ്ഠ സ്വാമികൾ, തൈക്കട്ട് അയ്യാവ്, ശ്രീനാരായണഗുരു, ചട്ടമ്പിസ്വാമികൾ, അയ്യൻകാളി, പൊയ്കയിൽഅപ്പച്ചൻ തുടങ്ങിയ ദളിതരും അദളിതരുമായ നവോത്ഥാന നായകരുടെ ത്യാഗനിർഭരമായ പ്രവർത്തനങ്ങളിലൂടെയും മാനവികമായ ഉന്നതചിന്തകളിലൂടെയും വികസിപ്പിച്ചെടുത്ത സംസ്കാരത്തിന്റെസുഗന്ധം ഉൾക്കൊള്ളാനാകാത്തവരായിപ്പോയി നമ്മുടെ ഉപജാതി സംഘടനാധ്യക്ഷന്മാർ. ഡോ. അംബേദ്കർ നിർവചിച്ച ജനാധിപത്യ ബോധത്തിന്റെ ശതാംശമെങ്കിലും ഉൾക്കൊണ്ടവർക്ക് നിരക്കുന്നതല്ല അവരുടെ ചെയ്തികൾ. ഇവർ മാത്രമല്ല, ഡോ. അംബേദ്കർ എന്ന ഒറ്റയാൾ പട്ടാളത്തിന്റെ പോരാട്ടത്തിലൂടെ ലഭിച്ച ഉദ്യോഗ സംവരണവും രാഷ്ട്രീയ സംവരണവും ആസ്വദിച്ച് ആന്ധ്യം ബാധിച്ച ഒരു ദളിത് ക്രീമിലയർ വിഭാഗം പള്ളികൾക്കും പാർട്ടികൾക്കും സ്വന്തം ജനതയെ ഇറച്ചിവിലയ്ക്ക് വെട്ടിപ്പങ്കിട്ടുകൊടുക്കുന്നതിനു കൂട്ടുനിന്നതാണ് ഈ ദുര്യോഗത്തിന്റെ മറ്റൊരു കാരണമെന്നും നമ്മൾ തിരിച്ചറിയണം.

നവോത്ഥാന മൂല്യങ്ങളിലൊന്നാമത്തേതാണ് സ്വാഭിമാനം. വൈകുണ്ഠസ്വാമികൾ നേതൃത്വം നൽകിയ മാറുമറയ്ക്കൽ കലാപവും അയ്യൻകാളിയുടെ വില്ലുവണ്ടി സമരവും പൊയ്കയിൽ അപ്പച്ചന്റെ ബൈബിൾ ദഹനവും ഡോ. അംബേദ്കറുടെ മനുസ്മൃതി ദഹനം, ചാദാർകുളം സമരം തുടങ്ങി നിരവധി പ്രവർത്തനങ്ങളും അധസ്ഥിതന്റെ സ്വാഭിമാനബോധത്തിൽ നിന്നും ഉരുവംകൊണ്ടതാണ്. പറയേണ്ടത് പറയേണ്ടിടത്ത് പറയേണ്ടപോലെ പറയുക സ്വാഭിമാനികളുടെ പ്രകൃതമാണ്. ഊർമ്മിളാദേവി ടീച്ചറിൽ ഈ മഹനീയ പാരമ്പര്യത്തിന്റെ അണുക്കൾ കുറച്ചെങ്കിലും പ്രവർത്തിക്കുന്നു എന്നാണ് അവരുടെ പ്രസംഗവും തുടർന്നുള്ള അവരുടെ ചാഞ്ചാട്ടമില്ലാത്ത പ്രതികരണങ്ങളും വ്യക്തമാക്കുന്നത്. സ്വാർഥത സ്വാഭിമാനത്തെ വിഴുങ്ങുന്ന വർത്തമാനകാലത്ത് ടീച്ചറുടെ പോരാട്ടത്തെ പിന്തുണക്കാനിരിക്കുന്നത് അപരാധമാണ്. ഇവിടെ ടീച്ചറെ പിന്തുണച്ച ഇടതുപക്ഷം, സമീപകാലത്തു പലപ്പോഴും കൈക്കൊണ്ട ദലിത്വിരുദ്ധ നിലപാട് നാട്ടിൽനിന്നും മാറിയതും മാനിക്കപ്പെടേണ്ടതാണ്.

ഇതിങ്ങനെ ഉപസംഹരിക്കാമെന്നുതോന്നുന്നു – ശ്രീ. കെ. എം. സലിംകുമാർ ദളിത് നേതാക്കളെ ചത്തമീനുകളെന്നു വിളിച്ചപ്പോൾ എല്ലാവരുംകൂടെ അദ്ദേഹത്തിന്റെ നേരെ ചാടിവീണു. 'ഞങ്ങൾ ചത്ത മീനുകളല്ല പിടയ്ക്കുന്ന വമ്പൻ സ്രാവുക'ളാണെന്ന് അലറി. (തീർച്ചയായും ത്യാഗധനരും നിസ്വാർഥരുമായ കുറച്ചു നേതാക്കളെങ്കിലും ഇപ്പോഴുമുണ്ട്.) ഇപ്പോൾ സലിംകുമാർ പറഞ്ഞതുമല്ല ശരിയെന്നു തോന്നുന്നു. ഇതിലേറെയും അട്ടകളാണ്, ദളിത് സമൂഹത്തിന്റെ ചോര ഊറ്റിക്കുടിക്കുന്നഅട്ടകൾ, ശേഷിച്ചവ തേരട്ടകളാണ്. സ്പർശനമേറ്റാൽ നിലച്ചക്രംപോലെ ചുരുണ്ടുകൂടുന്ന തേരട്ടകൾ. മദ്വചനങ്ങൾക്കു മാർദവമില്ലെങ്കിൽ ...........

Email:pbroshni@gmail.com